## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2192 05.05.2017 -ൽ മറുപടിക്ക്

### എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ജില്ലാ അടിസ്ഥാനത്തിൽ വിശദാംശം നൽകുമോ ; | എ) സംസ്ഥാനത്തെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ 34,67,835 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 5,14,896<br>കൊല്ലം - 3,90,134<br>ആലപ്പുഴ - 3,03,529<br>പത്തനംതിട്ട - 1,23,461<br>കോട്ടയം - 2,21,656<br>ഇടുക്കി - 1,06,928<br>എറണാകുളം - 2,86,961<br>തൃശ്ശൂർ - 3,14,176<br>പാലക്കാട് - 1,92,081<br>മലപ്പുറം - 2,78,460<br>കോഴിക്കോട് - 3,60,320<br>വയനാട് - 89,363<br>കണ്ണൂർ - 1,95,527<br>കാസർഗോഡ് - 90,343 |

**ബി)** എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരുന്ന സ്വയം തൊഴിൽ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ?

ബി) എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന താഴെപ്പറയുന്ന സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കെസ്റു 99.
2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്.
3. ശരണ്യാ സ്വയം തൊഴിൽ പദ്ധതി.
4. കൈവല്യ.

മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ താഴെ പറയുന്നു.

1. **"കെസ്റു 99"**

കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേഡ് അൺഎംപ്ലോയ്ഡ് -1999 (KESRU 99) പദ്ധതി 30-03-1999 ലെ 40/99/തൊഴിൽ നമ്പർ സർക്കാർ ഉത്തരവു പ്രകാരം നിലവിൽ വന്നു. കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബവരുമാനം 100000/-രൂപയിൽ കവിയാൻ പാടില്ലാത്തതും 21 നും 50 വയസിനും ഇടയ്ക്ക് പ്രായമുള്ള ഏതൊരു വ്യക്തിക്കും ഈ പദ്ധതിയിൻകീഴിൽ അപേക്ഷ നൽകാവുന്നതാണ്. 25 വയസ്സ് കഴിഞ്ഞവർക്കും സാങ്കേതിക പരിജ്ഞാനമുള്ളവർക്കും (നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്, നാഷണൽ അപ്രന്റീസ് സർട്ടിഫിക്കറ്റ്) ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്.

ഈ പദ്ധതിയിൻകീഴിൽ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന തുകയുടെ 20% തുക (പരമാവധി 20,000/- രൂപ വരെ) സബ്സിഡി നൽകുന്നു. പരമാവധി വായ്പ തുക 1,00,000/- (ഒരു ലക്ഷം) രൂപയാണ്. ഈ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാ പ്രവൃത്തിദിവസങ്ങളിലും അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും വാങ്ങാവുന്നതാണ്.

....2

## 2. മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് :

29-10-2007 ലെ ജി.ഒ.(പി)143/07/തൊഴിൽ നമ്പർ സർക്കാർ ഉത്തരവിലുടെയാണ് മൾട്ടിപർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതി എന്ന സ്വയംതൊഴിൽ പദ്ധതി നിലവിൽ വന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് വേണ്ടി വകുപ്പു നടത്തുന്ന വിവിധോദ്ദേശ സേവന കേന്ദ്രങ്ങളും അവയുടെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിൽരഹിതർ നടത്തുന്ന ജോബ് ക്ലബ്ബുകളുമാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതായിരിക്കണം അപേക്ഷകർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും പ്രവർത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകാവുന്നതാണ്. എന്നാൽ ആകെ ഗുണഭോക്താക്കളിൽ ഇത്തരക്കാർ 10 ശതമാനത്തിൽ കൂടാൻ പാടുള്ളതല്ല. വാർഷിക കുടുംബ വരുമാനം 100000 രൂപയിൽ കവിയാൻ പാടില്ല. (കുടുംബ വരുമാനം എന്നുദ്ദേശിക്കുന്നത് ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ട റേഷൻ കാർഡിൽ പേരുള്ള അംഗങ്ങളുടെ ആകെ വരുമാനമാണ്). 21 നും 40 നും മദ്ധ്യേ പ്രായമുള്ള വരായിരിക്കണം അപേക്ഷകർ. മറ്റു പിന്നോക്ക ജാതിക്കാർക്ക് 3 വർഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും.

ഒരു ജോബ് ക്ലബ്ബിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും അംഗങ്ങളാകാവുന്നതാണ്. എന്നാൽ ഹോം നഴ്സ്, ഹോംമെയ്ഡ് എന്നീ ക്ലബ്ബുകൾക്ക് വനിതകൾക്ക് മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽ രഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. കൂടാതെ സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന "പ്രവർത്തി കാര്യക്ഷമതാ സർട്ടിഫിക്കറ്റ്" കരസ്ഥമാക്കിയിട്ടുള്ളവർക്കും, സംസ്ഥാന ഐ.റ്റി.ഐ., ഐ.റ്റി.സി., പോളിടെക്നിക് എന്നിവയിൽ ഏതിലെങ്കിലും നിന്ന് വിവിധ

...3

ട്രേഡുകളിൽ പരിശീലനം നേടിയവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ്സെറ്റ് എന്നിവിടങ്ങളിൽ നിന്ന് തൊഴിൽ പരിശീലനം നേടിയവർക്കും ബിരുദധാരികളായ വനിതകൾക്കും മുൻഗണന നൽകുന്നതാണ്. എല്ലാ പ്രവർത്തിദിവസങ്ങളിലും പദ്ധതികളുടെ അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പരിശോധനയ്ക്കു ശേഷം ജില്ലാ കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നു. ജില്ലാ കമ്മിറ്റി പരിശോധിച്ച് അപേക്ഷകർ അനുയോജ്യരാണോ, പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണോ എന്നീ കാര്യങ്ങൾ പരിശോധിച്ച് അംഗീകരിച്ച അപേക്ഷകൾ ധനകാര്യ സ്ഥാപനങ്ങളിലേക്ക് ശുപാർശ ചെയ്യുന്നു. ഒരു ക്ലബ്ബിന് പരമാവധി 10 ലക്ഷം രൂപ വരെ ധനകാര്യസ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്നു. ഓരോ ക്ലബ്ബിനും വായ്പ തുകയുടെ 25% സബ്സിഡി (പരമാവധി 2 ലക്ഷം രൂപ) സർക്കാർ, എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നൽകുന്നു. പ്രോജക്ട് നടത്തിപ്പിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി വായ്പ തുകയുടെ 10% ഓരോ അംഗങ്ങളും തങ്ങളുടെ വിഹിതമായി ആദ്യംതന്നെ നിക്ഷേപിക്കേണ്ടതാണ്.

## 3. ശരണ്യാ സ്വയംതൊഴിൽ പദ്ധതി

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതകൾ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം സ്ത്രീകൾക്കായി 2010-11 സാമ്പത്തിക വർഷം ആരംഭിച്ചിട്ടുള്ള സ്വയംതൊഴിൽ പദ്ധതിയാണിത്. ഒരു വ്യക്തിയ്ക്ക് പരമാവധി 50,000/- രൂപ വരെ പലിശ രഹിത വായ്പ അനുവദിക്കുന്നതാണ്. വായ്പാ തുകയുടെ 50% പരമാവധി 25,000/- രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതുമാണ്. പ്രോജക്ട് പരിശോധിച്ച് ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. 50000/- രൂപയ്ക്ക് മേലുള്ള തുകയ്ക്ക് 3% ഫ്ലാറ്റ് നിരക്കിൽ പലിശ ഈടാക്കുന്നതാണ്. നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ട്

പോകുന്നവർക്ക് സംരംഭം വിപുലീകരിക്കുന്നതിന്, ആദ്യ വായ്പ്പയുടെ 30% തുക തുടർവായ്പ്പയായി കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളതും, വാർഷിക കുടുംബ വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തതും, 18 നും 55 വയസ്സിനും മദ്ധ്യേ പ്രായമുള്ള (അവിവാഹിതകൾക്ക് 30 വയസ്സ് പൂർത്തിയാകണം) മേൽപറഞ്ഞ വിഭാഗത്തിലുള്ള വനിതകൾക്ക് ഈ പദ്ധതിയിൻപ്രകാരം സ്വയംതൊഴിൽ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്കും, ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്കും ബിരുദധാരികളായ വനിതകൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽരഹിത വേതനം ലഭിക്കുന്നതല്ല.

2016-ൽ, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, കാൻസർ, മാനസിക രോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള അശരണരും തൊഴിൽരഹിതരുമായ വനിതകളേയും ഭിന്നശേഷിക്കാരായ വനിതകളേയും കൂടി ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. <u>കൈവല്യ</u>

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട, ഭിന്നശേഷിയുള്ളവർക്കായി കേരള സർക്കാർ, എംപ്ലോയ്മെന്റ് വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ഭിന്നശേഷിയുള്ളവരുടെ സമഗ്രതൊഴിൽ പുനരധിവാസം ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയായ "കൈവല്യ"യിലെ ഒരു ഘടക പദ്ധതിയായി പലിശരഹിത സ്വയംതൊഴിൽ വായ്പാ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്ക് ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. 50,000/- രൂപാ വരെ പലിശരഹിത വായ്പ അനുവദിക്കാവുന്നതാണ്. വായ്പയ്ക്ക് 50% സബ്സിഡിയും നൽകുന്നു.

.....5

ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷാഫോറം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും സൗജന്യമായി ലഭിക്കും. കൂടാതെ എംപ്ലോയ്മെന്റ് വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതുമാണ്. സ്വയംതൊഴിൽ വായ്പാ പദ്ധതിയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രായം 21 നും 55 നും ഇടയിൽ ആയിരിക്കണം. കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല. എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം. സംരംഭം സ്വന്തമായി നടത്തുവാൻ കഴിയാത്ത വിധം അംഗവൈകല്യമുള്ള പക്ഷം അടുത്ത ഒരു ബന്ധുവിനെ കൂടി ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ